പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.339 — 03.02.2020 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് നടപടികൾ

ചോദ്യം
ശ്രീ.അൻവർ സാദത്ത്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനം നേരിടുന്ന രൂക്ഷമായ വിലവർദ്ധനവ് തടയുന്നതിന് സപ്ലൈകോയുടെ ഇടപെടൽ സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വില വർദ്ധനവ് ഉണ്ടായ സാഹചര്യങ്ങളിൽ, സമയോചിതമായും കാര്യക്ഷമമായും സപ്ലൈകോ മുഖേന നടത്തിയ ഇടപെടലുകൾ ഉപഭോക്താവിന് ആശ്വാസകരമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവ് വരുത്താത്തതിനാൽ കുറഞ്ഞ വിലയിൽ തന്നെ അവശ്യസാധനങ്ങൾ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>വിലയിൽ വൻ വർദ്ധനവ് ഉണ്ടായ സവാള, നാഫെഡ്/കേന്ദ്രീയ ഭണ്ഡാർ മുതലായ ഏജൻസികൾ മുഖേന വാങ്ങി കുറഞ്ഞ വിലയിൽ ലഭ്യമാക്കിയത് മൂലം, പൊതുവിപണിയിലെ വില വർദ്ധനവ് നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>നോൺ സബ് സിഡി വിഭാഗത്തിൽ വില്പന നടത്തുന്ന മറ്റു ഉല്പന്നങ്ങൾക്കും ശരാശരി 5 മുതൽ 30 ശതമാനം വരെ വിലക്കുറവ് ലഭിക്കുന്നതിനാൽ, പൊതുവിപണിയിലെ വില വർദ്ധിക്കുന്ന സാഹചര്യങ്ങളിലെല്ലാം ഉപഭോക്താവിന് താങ്ങാകുവാൻ സപ്ലൈകോ വഴി സാധിച്ചിട്ടുണ്ട്. |
| (ബി) | സപ്ലൈകോയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അറിയിക്കുമോ; | (ബി) | സപ്ലൈകോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിൻറെ ഭാഗമായി, കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള വില്പനശാലകളുടെ ആകെ എണ്ണം 1529 ആയിരുന്നത് 1581 ആയി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള വിൽപ്പനശാലകൾ നവീകരിക്കുന്നതിനും ഉപഭോക്തൃ സൗഹൃദ സ്ഥാപനങ്ങളാക്കുന്നതിനും അത് വഴി കൂടുതൽ |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് സേവനം എത്തിക്കുന്നതിനും നടപടിയെടുത്തു. 2018-19 സാമ്പത്തിക വർഷം 86 വില്പനശാലകളും 2019-20 സാമ്പത്തിക വർഷം ഇതുവരെ 62 വില്പനശാലകളും നവീകരിക്കുവാൻ നടപടിയെടുത്തു.<br>സബ്സിഡി ഇതര ഉൽപ്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, എഫ്.എം.സി.ജി വിഭാഗത്തിൽപ്പെട്ട സാധനങ്ങളുടെ പർച്ചേസ് കേന്ദ്രീയ സംവിധാനത്തിന് കീഴിൽ കൊണ്ട് വരികയും ലാഭ ശതമാനം ഏകീകരിക്കുകയും ചെയ്തു. ശബരി തേയിലയുടെ ജനപ്രിയതയും വില്പനയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വളരെ കുറഞ്ഞ വിലയിൽ ടീ ബാഗുകൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റോക്ക് സംഭരിച്ച് ബ്ലെൻഡിങ് വേഗത കൂട്ടുന്നതിനായി അധിക ബ്ലെൻഡിങ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ശബരി ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള റേഷൻ കടകളിലേയ്ക്കും ഇവയുടെ വില്പന വ്യാപിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത്, 160 വില്പനശാലകളിലൂടെ മിതമായ വിലയിൽ ഗൃഹോപകരണ വില്പന ആരംഭിച്ചതിലൂടെ, ഗൃഹോപകരണങ്ങൾ 40% വിലക്കുറവിൽ വിപണിയിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സപ്ലൈകോ ആരംഭിച്ച ഗൃഹോപകരണങ്ങളുടെ വിപണി വിജയപ്രദമാണോ; എങ്കിൽ കൂടുതൽ മേഖലകളിലേക്ക് അത് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | അതെ. നിലവിൽ 160 വിൽപ്പനശാലകളിൽ ഗൃഹോപകരണ വിൽപ്പന ആരംഭിച്ചിട്ടുണ്ട്. സ്ഥലലഭ്യതയും വിൽപ്പന സാധ്യതയും കണക്കിലെടുത്ത് കൂടുതൽ വിൽപ്പന ശാലകളിൽ ഗൃഹോപകരണ വിൽപ്പന ആരംഭിക്കുന്നതാണ്. |
| (ഡി) | സപ്ലൈകോ ഷോപ്പിംഗ് മാളുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് അറിയിക്കുമോ? | (ഡി) | സപ്ലൈകോ ആരംഭിക്കുന്ന ആദ്യ ഷോപ്പിംഗ് മാൾ എറണാകുളം ജില്ലയിലെ പിറവത്ത്, പിറവം മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടുകൂടി, പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ടി പ്രവർത്തികൾ ഏകദേശം 95% ത്തോളം പൂർത്തിയായിട്ടുണ്ട്. അവസാനഘട്ട ജോലി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ